# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3822 24.06.2014-ൽ മറുപടിക്ക്**

**ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ചെക്ക്പോസ്റ്റുകൾ ആധുനിക രീതിയിൽ നവീകരിക്കേണ്ടത് സംസ്ഥാനത്തിന്റെ നികുതി ചോർച്ച തടയുന്നതിന് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ ആര്യങ്കാവ്, വാളയാർ, വഴിക്കടവ്, മുത്തങ്ങ, ബംഗ്ര മഞ്ചേശ്വരം എന്നിവ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നു വരുന്നു. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് സെപ്തംബർ 2011-ൽ നിലവിൽ വന്നു. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ വാളയാറിലും മഞ്ചേശ്വരത്തും നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് നടപ്പാക്കുന്നതാണ്.<br>സംസ്ഥാനത്തെ പ്രധാനപ്പെട്ട എ-ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ് ആയി ലഭിയ്ക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണ്ണി, കൂട്ടുപ്പുഴ, ബംഗ്ര മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ അടിസ്ഥാനത്തിൽ വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 300 കി. ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ് ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റുകളിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അമരവിള ചെക്ക്പോസ്റ്റിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഈ നടപടിമൂലം സംസ്ഥാനത്തിന്റെ നികുതി ചോർച്ച തടയുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ? | (സി) | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**